ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.05.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. വോട്ടെണ്ണൽ തിങ്കളാഴ്ച.

   **Arrangements for counting of votes are in progress in states including Kerala and Puducherry where assembly elections were held. Counting of votes will be on Monday.**

2) വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുടെ മേധാവിമാരുടെ 11-ാമത് സമ്മേളനത്തെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു.

   **Prime Minister Narendra Modi addressed the 11th conference of heads of Indian diplomatic missions abroad in New Delhi.**

3) രാജ്യത്ത് ഓൺലൈൻ പണമിടപാട് ഗെയിമുകൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തി. പുതിയ ചട്ടങ്ങൾ ഇന്ന് പ്രാബല്യത്തിൽ വരും.

   **A complete ban on online gambling has been imposed in the country. The new rules will come into effect today.**

4) തൊഴിലാളികളുടെ സാമ്പത്തിക, സാമൂഹിക അവകാശങ്ങൾ ഓർമ്മപ്പെടുത്തി ഇന്ന് സാർവ്വദേശീയ തൊഴിലാളി ദിനം.

   **Today is International Workers' Day, reminding workers of their social and economic rights.**

5) കേരളത്തിൽ വേനൽ മഴ ശക്തി പ്രാപിക്കുന്നു. വിവിധ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**Summer rains are intensifying in Kerala. Yellow alert in various districts today.**

6) ഐപിഎല്ലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് ജയം.

**Gujarat Titans win against Royal Challengers Bangalore in IPL.**

****************************************

## PM-CONFERENCE

വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുടെ മേധാവിമാരുടെ 11-ാമത് സമ്മേളനത്തെ ഇന്നലെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. വിദേശത്ത്, ഇന്ത്യയുടെ ദേശീയ താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ പ്രധാനമന്ത്രി പങ്കുവെച്ചതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഏപ്രിൽ 28 മുതൽ വിദേശകാര്യ മന്ത്രാലയമാണ് മൂന്ന് ദിവസത്തെ സമ്മേളനം സംഘടിപ്പിച്ചത്. വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ സമ്മേളനത്തിൽ പങ്കെടുത്തു. "2047-ലേക്കായി ഇന്ത്യൻ നയതന്ത്രം പരിഷ്കരിക്കൽ" എന്ന പ്രമേയത്തിൽ കേന്ദ്രീകരിച്ചായിരുന്നു സമ്മേളനം നടന്നത്.

****************************************

## GOVT- ONLINE GAMING RULES

രാജ്യത്ത് ഓൺലൈൻ പണമിടപാട് ഗെയിമുകൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തി. പുതിയ ചട്ടങ്ങൾ ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. 2025-ലെ ഓൺലൈൻ ഗെയിമിംഗ് നിയന്ത്രണ നിയമത്തിന്റെ ഭാഗമായാണ് നടപടി. പുതിയ ചട്ടങ്ങൾ പ്രകാരം പണം വെച്ചുള്ള ഓൺലൈൻ ഗെയിമുകളുടെ പരസ്യങ്ങൾ നൽകുന്നതിനും സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനും

അനുമതിയുണ്ടാവില്ല. നിയമലംഘനത്തിന് തടവും പിഴയും ഉൾപ്പെടെയുള്ള ശിക്ഷാ നടപടികളും ഉണ്ടാകും. ഗെയിമിംഗ് മേഖലയെ നിരീക്ഷിക്കുന്നതിനായി കേന്ദ്ര ഐടി മന്ത്രാലയത്തിന് കീഴിൽ 'ഓൺലൈൻ ഗെയിമിംഗ് അതോറിറ്റി ഓഫ് ഇന്ത്യ' എന്ന പേരിൽ ഏകീകൃത റെഗുലേറ്റർ രൂപികരിച്ചു.

****************************************

## GOVT- EXPORT DUTY

ഡീസലിന്റെയും വ്യോമയാന ഇന്ധനത്തിന്റെയും കയറ്റുമതി തീരുവ കേന്ദ്രസർക്കാർ കുറച്ചു. ഇന്ന് മുതൽ അടുത്ത രണ്ടാഴ്ചത്തേക്കാണ് തീരുവ കുറച്ചതെന്ന് ധനകാര്യ മന്ത്രാലയം അറിയിച്ചു. ഡീസലിന്റെ കയറ്റുമതി തീരുവ ലിറ്ററിന് 23 രൂപയായും വ്യോമയാന ഇന്ധനത്തിന് ലിറ്ററിന് 33 രൂപയുമായാണ് കുറച്ചത്. അതേ സമയം പെട്രോളിന് കയറ്റുമതി തീരുവയില്ല. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കയറ്റുമതി നിരുത്സാഹപ്പെടുത്തി പെട്രോളിയം ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ലഭ്യത ഉറപ്പാക്കുന്നതിനാണ് മാർച്ച് 27 മുതൽ ഇന്ധനങ്ങൾക്ക് കയറ്റുമതി തീരുവ ഏർപ്പെടുത്തിയത്.

****************************************

## LPG SUJATA SHARMA (INTRO)

പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടയിലും രാജ്യത്തുടനീളം എൽപിജി പെട്രോൾ, ഡീസൽ എന്നിവയുടെ വിതരണം തടസ്സമില്ലാതെ തുടരുന്നതായി പെട്രോളിയം മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. ഗാർഹിക എൽപിജി വിതരണം പൂർണ്ണമായും ഉറപ്പാക്കിയിട്ടുണ്ടെന്നും അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ അവർ പറഞ്ഞു.

(ഹോൾഡ് വോയിസ്)

****************************************

## HC-TMC PETITION

വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ കേന്ദ്ര സർക്കാർ ജീവനക്കാരെ സൂപ്പർവൈസർമാരായി നിയമിക്കുന്നത് ചോദ്യം ചെയ്ത് തൃണമൂൽ കോൺഗ്രസ് സമർപ്പിച്ച ഹർജി കൽക്കട്ട ഹൈക്കോടതി തള്ളി. സംസ്ഥാന സർക്കാരിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ കൗണ്ടിംഗ് സൂപ്പർവൈസറെയും കൗണ്ടിംഗ് അസിസ്റ്റന്റിനെയും നിയമിക്കുന്നതിന് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന് പ്രത്യേകാവകാശമുണ്ടെന്നും ഇതിൽ നിയമ വിരുദ്ധമായി ഒന്നുമില്ലെന്നും ജസ്റ്റിസ് കൃഷ്ണ റാവു വിധിന്യായത്തിൽ പറഞ്ഞു.

*********************************************

## AYUSH - FTA

ഇന്ത്യയും ന്യൂസിലൻഡുമായുള്ള സ്വതന്ത്ര വ്യാപാര കരാർ ആയുഷ് മേഖലയുടെ ആഗോള സ്വീകാര്യത വർധിപ്പിച്ചതായി ആയുഷ് മന്ത്രാലയം. വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലും ന്യൂസിലൻഡിന്റെ വ്യാപാര, നിക്ഷേപ മന്ത്രി ടോഡ് മക്ലേയും കഴിഞ്ഞ തിങ്കളാഴ്ചയാണ് കരാറിൽ ഒപ്പുവച്ചത്. ഇന്ത്യൻ ആയുഷ് വിദഗ്ധർക്കും സ്ഥാപനങ്ങൾക്കും സേവന ദാതാക്കൾക്കും ന്യൂസിലൻഡ് വിപണിയുമായി ഇടപഴകുന്നതിന് കരാർ അവസരമൊരുക്കും.

*********************************************

## DEPT COMMERCE- RODTEP

കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ തീരുവയും നികുതിയും ഒഴിവാക്കുന്നതിനുള്ള പദ്ധതി പ്രകാരം, കയറ്റുമതി ഉൽപ്പന്നങ്ങളുടെ പരിഷ്കരിച്ച പട്ടിക വാണിജ്യ വകുപ്പ് വിജ്ഞാപനം ചെയ്തു. കസ്റ്റംസിന്റെ പുതിയ നികുതി നിയമങ്ങളും ഉൽപ്പന്ന കോഡുകളുമായി പൊരുത്തപ്പെടുന്ന വിധത്തിലാണ് പട്ടിക പരിഷ്കരിച്ചത്. ഉൽപ്പന്നങ്ങളുടെ കയറ്റുമതി, വ്യവസായികൾക്ക്

നികുതി റീഫണ്ട് നൽകുന്നതിനുള്ള സംവിധാനങ്ങൾ സുഗമമാക്കുന്നതിന് ഈ പരിഷ്കരണം സഹായിക്കും.

****************************************

## BUDDHA PURNIMA

ഇന്ന് ബുദ്ധപൂർണ്ണിമ. ഗൗതമബുദ്ധൻ ജനിച്ചതും നിർവാണം പ്രാപിച്ചതും ഇതേ ദിവസമാണ്. ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ, ബർമ്മ, തായ്‌ലൻഡ്, ടിബറ്റ്, കൊറിയ, തുടങ്ങി ലോകമെമ്പാടുമുള്ള ബുദ്ധമത വിശ്വാസികൾ ഈ ദിവസം ആഘോഷിക്കുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു ഏവർക്കും ബുദ്ധ പൂർണിമ ആശംസകൾ നേർന്നു. ബുദ്ധന്റെ അധ്യയനങ്ങൾ സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും പരസ്പര ഐക്യത്തിന്റെയും പാതയിലേക്ക് സഞ്ചരിക്കാൻ സർവരെയും പ്രചോദിപ്പിക്കുമെന്ന് രാഷ്ട്രപതി സന്ദേശത്തിൽ കുറിച്ചു.

****************************************

## MIT SHAH – LADAKH

ലേയിലെ ചോഗ്ലാംസറിൽ ശ്രീബുദ്ധന്റെ വിശുദ്ധ തിരുശേഷിപ്പുക്കളുടെ പ്രദർശനവും 2,569-ാമത് ബുദ്ധ പൂർണിമ ആഘോഷങ്ങളും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ഉദ്ഘാടനം ചെയ്യും. ലേയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബുദ്ധിസ്റ്റ് സ്റ്റഡീസിന്റെ സഹകരണത്തോടെ നിർമിക്കുന്ന ഡയറി പ്ലാന്റിന്റെ തറക്കല്ലിടലും ശ്രീ ഷാ നിർവഹിക്കും.

****************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

(ബ്രേക്ക്)

****************************************

## LABOUR DAY

തൊഴിലാളികൾക്ക് ഐക്യദാർഢ്യവുമായി ഇന്ന് സാർവ്വദേശീയ തൊഴിലാളി ദിനം. തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹികവുമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി നടത്തിയ പോരാട്ടങ്ങളുടെയും ത്യാഗങ്ങളുടെയും ഓർമ്മ പുതുക്കലാണ് ഈ ദിനം. എട്ടു മണിക്കൂർ ജോലി എന്ന ന്യായമായ ആവശ്യത്തിനായി 1886-ൽ അമേരിക്കയിലെ ചിക്കാഗോയിൽ നടന്ന ചരിത്രപ്രസിദ്ധമായ 'ഹേമാർക്കറ്റ് സമരം' ആണ് മെയ് ദിനത്തിന്റെ ആധാരശില. തുടർന്ന് 1889-ലെ പാരീസ് സോഷ്യലിസ്റ്റ് സമ്മേളനത്തിന് പിന്നാലെയാണ് മെയ് ഒന്ന് അന്താരാഷ്ട്ര തലത്തിൽ തൊഴിലാളി ദിനമായി ആചരിക്കാൻ തുടങ്ങിയത്.

*******************************************

## COUNTING

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളം, തമിഴ്നാട്, പശ്ചിമബംഗാൾ, അസം എന്നീ സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. തിങ്കളാഴ്ച രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. ആദ്യം തപാൽ വോട്ടുകളാവും എണ്ണുക. അരമണിക്കൂറിന് ശേഷം വോട്ടിങ് മെഷീനിലെ വോട്ടുകൾ എണ്ണിത്തുടങ്ങും.

*******************************************

## ELECTION –COUNTING HALL (INTRO)

നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടക്കുന്ന ഹാളിൽ അതി കർശനമായ നിയന്ത്രണങ്ങളാവും ഏർപ്പെടുത്തുക. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ പ്രവേശിക്കുന്നതിന് റിട്ടേണിങ് ഓഫിസർ അടക്കമുള്ളവർക്ക് ക്യൂആർ കോഡ് അധിഷ്ഠിത സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. വോട്ടെണ്ണൽ കേന്ദ്രത്തിൽ എത്തുന്ന കൗണ്ടിങ് ഏജന്റുമാർക്കു വേണ്ടിയും തെരഞ്ഞെടുപ്പ് കമ്മീഷൻ കൃത്യമായ മാർഗനിർദ്ദേശങ്ങൾ

നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

(വോയ്സ്)

*****************************************

## PIB FACT CHECK – ELECTION

പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിനിടെ ഇന്ത്യൻ സൈന്യം സാധാരണക്കാരെ മർദ്ദിക്കുന്നു എന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. പി.ഐ.ബി യുടെ Fact Check യൂണിറ്റ് ആണ് ഇക്കാര്യം വ്യക്തമാക്കിയത്. വീഡിയോ AI നിർമിതമാണെന്നും ഇത്തരത്തിലുള്ള തെറ്റിദ്ധരിപ്പിക്കുന്ന ഉള്ളടക്കങ്ങൾ വിശ്വസിക്കരുതെന്നും സർക്കാർ അഭ്യർത്ഥിച്ചു.

*****************************************

## WEATHER-KERALA

കേരളത്തിൽ വേനൽ മഴ ശക്തി പ്രാപിക്കുന്നു. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ പകൽ 10 മുതൽ 3 മണിവരെയുള്ള സമയങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

*****************************************

## AIR – SANGEETHARCHANA

സ്വാതി തിരുനാൾ ജയന്തിയുടെ ഭാഗമായുള്ള സ്വാതി തിരുനാൾ സംഗീതോത്സവം ഇന്ന് രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെ ആകാശവാണി കേരള നിലയങ്ങൾ തത്സമയം പ്രക്ഷേപണം ചെയ്യും. തിരുവനന്തപുരം കോട്ടയ്ക്കകം ലെവി ഹാളിൽ നടക്കുന്ന

സംഗീതാർച്ചനയിൽ മരുത്തോർവട്ടം ബാബു,അജിത് പ്രസാദ് ആർ, ശിവകാമി നടരാജൻ, വി സിത്താര കൃഷ്ണമൂർത്തി, പുഷ്പവതി പൊയ്യ്പാടത്ത് എന്നിവർ സ്വാതി തിരുനാൾ കൃതികൾ അവതരിപ്പിക്കും. സംഗീതാസ്വാദകർക്ക് പ്രവേശനം സൗജന്യമാണ്.

****************************************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ 4 വിക്കറ്റിന് പരാജയപ്പെടുത്തി. വിജയലക്ഷ്യമായ 156 റൺസ് ഗുജറാത്ത് 6 വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. ഇന്ന് ഡൽഹി ക്യാപിറ്റൽസ്- രാജസ്ഥാൻ റോയൽസിനെ നേരിടും. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ വൈകുന്നേരം 7.30 നാണ് മത്സരം.

****************************************

## TRUMP - IRAN

യുഎസ് നടപടികൾ, ഇറാന്റെ സൈനിക ശേഷി ഗണ്യമായി കുറച്ചതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഇറാന്റെ നാവിക, വ്യോമ ശേഷികളും ഡ്രോണുകളുടെയും മിസൈലുകളുടെയും ഉൽപാദനവും ഗണ്യമായി കുറഞ്ഞതായും ട്രംപ് അവകാശപ്പെട്ടു. യുഎസ് നടത്തുന്നത് യുദ്ധമല്ല, സൈനിക നടപടി മാത്രമാണെന്നും ഉപരോധങ്ങൾ ഇറാന്റെ സമ്പദ്‌വ്യവസ്ഥയെ തകർത്തതായും ഓവൽ ഓഫീസിൽ നടന്ന ഒരു പരിപാടിയിൽ ട്രംപ് പറഞ്ഞു.

************************************************************************************